# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2006-2007 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11 പ്രകാരം തടസ്സപ്പെടുത്തിയ മണ്ണിര കമ്പോസ്റ്റ് പിറ്റ് നിർമ്മാണ പദ്ധതിക്കായുള്ള 41,000/- (നാൽപ്പത്തിയോരായിരം രൂപാ മാത്രം) രൂപായുടെ ചെലവിന് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.3886/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി,29.12.2015

---

പരാമർശം : 1. കീഴരിയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 08.08.2014 – തിയതിയിലെ എ.ഒ – 686/12 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 25.07.2015 – തിയതിയിലെ എം3/21989/15 നമ്പർ കത്ത്

3. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.11.2015 – തിയതിയിലെ കെ.എസ്.എ 10942/പി.റ്റി3/15 നമ്പർ കത്ത്

## <u>ഉത്തരവ്</u>

മണ്ണിര കമ്പോസ്റ്റ് പിറ്റ് നിർമ്മാണത്തിന് സബ്സീഡി നൽകുവാൻ വ്യവസ്ഥയില്ലെന്നിരിക്കെ പഞ്ചായത്തിലെ കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മണ്ണിര കമ്പോസ്റ്റ് പിറ്റ് നിർമ്മാണ പദ്ധതിക്കായി 41,000/- രൂപാ ചെലവഴിച്ചത് 2006-2007 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. എന്നാൽ തികച്ചും കാർഷികാടിത്തറയിലുള്ള ഗ്രാമപഞ്ചായത്തിന് കൃഷിയുടെ പ്രോൽസാഹനത്തിന്റെ ഭാഗമായി കർഷകരുടെ ആവശ്യാനുസരണമാണ് മേൽ പദ്ധതി ഏറ്റെടുത്തതെന്നും പ്രൊജക്റ്റിന്റെ നടത്തിപ്പിൽ നടപടിക്രമങ്ങളെല്ലാം തന്നെ പാലിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം തേടുന്നതിനായി പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറും ഇക്കാര്യത്തിൽ സൂചന രണ്ട് കത്ത് പ്രകാരം അനുകൂല ശുപാർശ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്..

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കീഴരിയൂർ

.............2

ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ എന്നിവരുടെ കത്തുകളിലെ വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ കീഴരിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2006-2007 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11 പ്രകാരം തടസ്സപ്പെടുത്തിയ മണ്ണിര കമ്പോസ്റ്റ് പിറ്റ് നിർമ്മാണ പദ്ധതിക്കായുള്ള 41,000/- (നാൽപ്പത്തിയോരായിരം രൂപാ മാത്രം) രൂപായുടെ ചെലവിന് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
കെ.ആർ.പഴനിയമ്മ
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, കീഴരിയൂർ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ